ധനസഹായം നൽകുവാൻ സാധിക്കുകയില്ല. ഇന്ദിര ആവാസ് യോജന പ്രകാരം നിർമ്മിക്കുന്ന വീടുകൾ മിനിമം 30 വർഷം ഈട് നിൽക്കത്തക്കരീതിയിൽ നിർമ്മിക്കണമെന്നും മാർഗ്ഗനിർദ്ദേശമുണ്ട്. ആയതിനാൽ ഐ.എ.വൈ. പ്രകാരം വീട് നിർമ്മിച്ച കുടുംബത്തിന് നിലവിൽ വാസയോഗ്യമായ വീടുള്ളതിനാൽ മറ്റൊരു വീടിന്റെ ആവശ്യം ഉണ്ടാകുന്നില്ല.

(ബി) ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുന്ന പദ്ധതിയാണ് ഐ.എ.വൈ. ഈ പദ്ധതി മുഖേന നൽകുന്ന തുക വായ്പയായല്ല, മറിച്ച് പൂർണ്ണമായും ധനസഹായമാണ്. അതിനാൽതന്നെ തുക തിരിച്ചടയ്ക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശം നൽകിയിട്ടില്ല. ഏതെങ്കിലും കാരണത്താൽ തിരിച്ചടയ്ക്കേണ്ടിവന്നാൽ ആയത് ബ്ലോക്കിൽ നേരിട്ട് അടയ്ക്കാവുന്നതാണ്. ഇങ്ങനെ പണം തിരിച്ചടയ്ക്കുന്ന ഗുണഭോക്താവിന് വീണ്ടും ഭവന നിർമ്മാണ ധനസഹായത്തിനായി ഗ്രാമസഭ അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടാൽ അർഹതാമാനദണ്ഡമനുസരിച്ച് ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റിവഴി അനുവദിച്ച റോഡുകൾ

2 (4037) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റിവഴി, സംസ്ഥാനത്ത് അനുവദിച്ച റോഡുകൾ എത്രയെന്ന് വ്യക്തമാക്കാമോ ; ആയതിന്റെ പട്ടിക ലഭ്യമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിറ്റിവഴി സംസ്ഥാനത്ത് നബാർഡ് ആർ.ഐ.ഡി.എഫ്. റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി 88 റോഡുകളും സംസ്ഥാന വിഹിത പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ 47 റോഡ് പ്രവൃത്തികളും 2014-15 സാമ്പത്തിക വർഷത്തിൽ 70 റോഡ് പ്രവൃത്തികളും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പട്ടിക അനുബന്ധമായി കൊടുത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly